**കേരളാ സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യവകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി -ധനസഹായം വിതരണം - ഓൺലൈൻ സംവിധാനത്തിലൂടെ അനുവദിക്കുന്നത്- മാനദണ്ഡങ്ങൾ നിശ്ചയിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

ധനകാര്യ(ഫണ്ട്സ്) വകുപ്പ്

ജി.ഒ(എം.എസ്)നം.255/2017/ധന തീയതി,തിരുവനന്തപുരം,06.05.2017

==========================================================

പരാമർശം:- (1)6.01.2017-ൽ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ കൂടിയ അവലോകനയോഗത്തിന്റെ മിനിട്ട്സ്.

(2) സ.ഉ(സാധാ)നം: 3075/2017 ധന. തീയതി: 31.03.2017.

**<u>ഉത്തരവ്</u>**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ടുള്ള എല്ലാ പ്രവർത്തനങ്ങളും ഓൺലൈൻ സംവിധാനത്തിലൂടെ ക്രമീകരിക്കുന്നതിന്റെ ഭാഗമായി ഈ നിധിയിൽനിന്നും ധനസഹായം അനുവദിച്ചുനൽകുന്നത് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പ്രകാരമായിരിക്കുന്നതാണ്.

1. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ടുള്ള എല്ലാ പ്രവർത്തനങ്ങളും (അപേക്ഷ സ്വീകരിക്കൽ, സൂക്ഷ്മ പരിശോധന ,റിപ്പോർട്ട്,ഉത്തരവ് പുറപ്പെടുവിക്കൽ, ധനസഹായ വിതരണം മുതലായവ)പൂർണ്ണമായും ഇതിനായി വികസിപ്പിച്ച സി.എം.ഡി.ആർ.എഫ് സോഫ്റ്റ് വെയർ സംവിധാനത്തിലൂടെ മാത്രമായിരിക്കും. **(<u>www.cmdrf.kerala.gov.in</u>)**

2.ഈ ഫണ്ടിൽ നിന്നും തുക അനുവദിച്ച് നൽകുന്നതിനായി സംസ്ഥാനത്തെ എല്ലാ തഹസീൽദാർമാർക്കും തങ്ങളുടെ പ്രദേശത്തെ ട്രഷറിയിൽ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ് അക്കൗണ്ട് ആരംഭിക്കുന്നതിന് സൂചന-2 ലെ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട പണമിടപാടുകൾക്ക് വേണ്ടി മാത്രമാണ് ഈ അക്കൗണ്ട് അനുവദിച്ചിട്ടുള്ളത്. ഈ അക്കൗണ്ട് ഉപയോഗിച്ച് മറ്റ് പണമിടപാടുകൾ നടത്തുവാൻ പാടില്ല.

3.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് വിതരണത്തിന് ആവശ്യമായ തുകയുടെ

അപേക്ഷ തഹസീൽദാർമാർ യാതൊരു കാരണവശാലും ധനകാര്യ വകുപ്പിന് നേരിട്ട് സമർപ്പിക്കരുത്. ഓണക്കിറ്റ്,ഓണക്കോടി തുടങ്ങി ചില പ്രത്യേക സാഹചര്യങ്ങളെ അടിസ്ഥാനപ്പെടുത്തി **ഈ ഫണ്ടിൽ നിന്നും തുക അനുവദിയ്ക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾ ഇനി മുതൽ റവന്യൂ വകുപ്പിന് നേരിട്ട് പ്രൊപോസൽ സമർപ്പിയ്ക്കേണ്ടതാണ്. റവന്യൂ വകുപ്പിന്റെ ശിപാർശയില്ലാതെ ധനകാര്യ വകുപ്പിൽ നിന്നും തുക അനുവദിച്ചു നൽകുന്നതല്ല.**

4. ജില്ലാ കളക്ടർമാരിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടിൻമേൽ റവന്യൂ (ഡി.ആർ.എഫ്) വകുപ്പ് **ധനസഹായ വിതരണം** ചെയ്യുന്നതിനായി ബന്ധപ്പെട്ട **തഹസീൽദാർമാരെ ചുമതലപ്പെടുത്തി**യാണ് ഇനി മുതൽ ഉത്തരവ്. പുറപ്പെടുവിക്കേണ്ടത്.

5. ധനകാര്യ വകുപ്പിൽ നിന്നും ഫണ്ട് അനുവദിക്കുന്നതിന് വേണ്ടി റവന്യൂ വകുപ്പ് ശിപാർശ ചെയ്യുമ്പോൾ ആകെയുള്ള ഗുണഭോക്താക്കളുടെ എണ്ണം, ധനസഹായ വിതരണം ചെയ്യേണ്ടുന്ന തുക, എന്നിവ താലൂക്ക് അടിസ്ഥാനത്തിൽ ലഭ്യമാക്കേണ്ടതാണ്.

6. എല്ലാ ആഴ്ചയിലും ആദ്യത്തെ പ്രവർത്തി ദിവസം റവന്യൂ വകുപ്പിൽ നിന്നും ഓരോ താലൂക്കിലേയ്ക്കും ആവശ്യമായ ഫണ്ട് അനുവദിയ്ക്കുന്നതിനായി ഏകീകരിച്ച തുകയ്ക്കുള്ള അപേക്ഷ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ സോഫ്റ്റ് വെയർ മുഖേന ജനറേറ്റ് ചെയ്യണം. ഇപ്രകാരം തയ്യാറാക്കി നൽകുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിൽ നിന്നും ധനകാര്യ വകുപ്പിലേക്ക് ഓരോ തഹസീൽദാർമാർക്കും അനുവദിക്കേണ്ട തുകയുടെ വിശദമായ വിവരം സഹിതമുള്ള ശിപാർശ ലഭ്യമാക്കേണ്ടതാണ്. ടി ശിപാർശയുടെ അടിസ്ഥാനത്തിൽ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള സ്റ്റേറ്റ് പൂൾ ട്രഷറി അക്കൗണ്ടിൽ **(അക്കൗണ്ട് നം.70101020000080)** നിന്നും അവശ്യമുള്ള തുക തഹസീൽദാർമാരുടെ പേരിൽ ആരംഭിച്ചിട്ടുള്ള സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴി അനുവദിച്ച് നൽകുന്നതിന് ട്രഷറി വകുപ്പിന് ധനകാര്യ (ഫൻഡ്സ് )വകുപ്പ് നിർദ്ദേശം നൽകുന്നതാണ്.

7. തഹസീൽദാർമാരുടെ പേരിൽ ആരംഭിച്ചിട്ടുള്ള സ്പെഷ്യൽ ട്രഷറി സേവിംഗ് ബാങ്ക് അക്കൗണ്ടിലേക്ക് ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള സ്റ്റേറ്റ് പൂൾ ട്രഷറി അക്കൗണ്ടിൽ നിന്നും **ഇരുപത്തി അഞ്ച് ലക്ഷം രൂപ വീതം സുരക്ഷിത സംഖ്യയായി (മിനിമം ബാലൻസ്)** അനുവദിച്ചു നൽകുന്നതാണ്. ഈ തുകയിൽ നിന്നും റവന്യൂ വകുപ്പ് /കളക്ടർമാർ ശിപാർശ ചെയ്യുന്ന തുക മാത്രം അതാത് തഹസീൽദാർമാർക്ക് വിനിയോഗിക്കുവാൻ അനുവദിക്കുന്നതാണ്. മേൽ സൂചിപ്പിച്ചിട്ടുള്ള സുരക്ഷിത സംഖ്യയുടെ തോത് പതിനഞ്ച് ലക്ഷം രൂപയാകുമ്പോൾ സുരക്ഷിതസംഖ്യ ഇരുപത്തിയഞ്ച് ലക്ഷമായി നിലനിർത്തുന്നതിന് ആവശ്യമായ ഫണ്ട് റിക്വസ്റ്റ് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി തലത്തിൽ ലഭ്യമാക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് പൂൾ ട്രഷറി അക്കൗണ്ടിൽ നിന്നും ആവശ്യമുള്ള തുക അനുവദിച്ച് സുരക്ഷിതസംഖ്യ ഇരുപത്തിയഞ്ച് ലക്ഷം രൂപയാക്കി ക്രമീകരിക്കുന്നതുമാണ്.

8. റവന്യൂ വകുപ്പിൽ നിന്നും ലഭ്യമായിട്ടുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് അനുവദിച്ച ധനസഹായം തഹസീൽദാർമാർ നേരിട്ട് അനുവദിക്കേണ്ടതാണ്. **ഗുണഭോക്താക്കൾക്ക് കൃത്യമായി തുക വിതരണം ചെയ്തിട്ടുണ്ട് എന്ന് ബന്ധപ്പെട്ട തഹസീൽദാർമാർ ഉറപ്പ് വരുത്തേണ്ടതാണ്.**

9. എല്ലാ ധനകാര്യ വർഷാരംഭത്തിലും ധനകാര്യ പരിശോധന വിഭാഗത്തിലെ ഉദ്യോഗസ്ഥർ ഇക്കാര്യം പരിശോധിക്കുകയും **കൃത്യമായ ധനസഹായ വിതരണം നടത്തിയിട്ടില്ലാത്ത പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും പ്രസ്തുത തുകയുടെ നിശ്ചിത ശതമാനം പലിശ പിഴയായി ഈടാക്കി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് മുതൽ കൂട്ടുന്നതായിരിക്കും.**

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**കെ.എം.എബ്രഹാം**
**അഡീഷണൽ ചീഫ് സെക്രട്ടറി**

<u>പകർപ്പ്</u>

1. അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ (ഡി ആർ എഫ് )വകുപ്പ്
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരളം, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ(എ & ഇ) കേരളം, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ(ഇ & ആർ.എസ്.എ) കേരളം, തിരുവനന്തപുരം
5. റവന്യൂ (ഡി ആർ എഫ് -എ,ബി )വകുപ്പ്
6. എല്ലാജില്ലാകളക്ടർമാർക്കും.
7. എല്ലാ തഹസീൽദാർമാർക്കും
8. പൊതുഭരണ (സൈനികക്ഷേമ)വകുപ്പ്
9. പൊതുഭരണ(എസ് സി )വകുപ്പ്
10. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
11. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
12. മുഴുവൻ ജില്ലാ/സബ് ട്രഷറി ഓഫീസർമാർക്കും
13. എല്ലാ വകുപ്പ് മേധാവികൾക്കും
14. സ്റ്റേറ്റ് നോഡൽ ഓഫീസർ(**www.finance.kerala.gov.in**)
15. ചീഫ് സെക്രട്ടറി, കേരള സർക്കാർ
16. സർക്കാരിന്റെ എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/ പ്രിൻസിപ്പൽസെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ/ഗവർണ്ണറുടെ സെക്രട്ടറിമാർ, രാജ് ഭവൻ, തിരുവനന്തപുരം

17.സ്പീക്കറുടെ/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി, കേരള നിയമസഭ
18.മുഖ്യമന്ത്രിയുടെ /മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
19.പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
20.മുഖ്യവിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
21.സെക്രട്ടേറിയേറ്റിലെ മുഴുവൻ വകുപ്പുകൾക്കും
22.ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം (പ്രസിദ്ധീകരണത്തിനായി)
23.കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**